(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി പി11/2137/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്.
ഫോൺ- 04952371012

E Mail:- dokkd.ksad.kerala.gov.in

തീയതി: 17-12-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെക്യാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെക്യാട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി പി11/2137/2016. തിയ്യതി:17-12-2016

കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ

2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2015 മുതൽ 04.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ......... അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ .......... എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ കെ കെ സതീഷ് കുമാർ | |
| | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.11.2016 മുതൽ 17.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ ജയകുമാർ പാലോളി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ഷൈജു.സി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എ.ആമിന ടീച്ചർ<br>എക്സിക്യൂട്ടീവ് കമ്മറ്റി | 01.04.2015മുതൽ31.10.2015 വരെ<br>01.11.2015 മുതൽ11.11.2015 വരെ |
| | ശ്രീ തൊടുവയിൽ മുഹമ്മദ് | 12.11.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | ശ്രീ ആർ എം ലക്ഷ്മണൻ | 01.04.2015മുതൽ31.03.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീ ബി എസ് മനോജ്<br>ശ്രീമതി ആശാറാണി ടി<br>ശ്രീ കെ മധുമോഹൻ | 01.04.2015മുതൽ18.08.2015വരെ<br>19.08.2015 മുതൽ08.02.2016 വരെ<br>15.02.2016 മുതൽ31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ മോഹൻദാസ് കെ<br>ശ്രീമതി നയന കെ | 01.04.2015 മുതൽ17.12.2015വരെ<br>19.12.2015മുതൽ31.03.2016വരെ |
| വെറ്ററിനറി സർജൻ | ഡോ.ആർ സൂരജ് | 01.04.2015മുതൽ02.10.2015വരെ |
| ............................. | ഡോ.രമ്യ രവീന്ദ്രൻ | 03.10.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ.ടി പി ലിസാജ് | 01.04.2015മുതൽ31.03.2016 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി രശ്മി എച്ച് ആർ<br>ശ്രീമതി ഒസീല ബീവി.ഇ | 01.04.2015മുതൽ06.08.2015വരെ<br>07.08.2015 മുതൽ31.03.2016 വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി ബിന്ദുറാണി | 01.04.2015മുതൽ15.12.2015വരെ |
| ............................. | ശ്രീമതി മധുകുമാരി പിഎം | 16.12.2015മുതൽ03.03.2016വരെ |
| ............................. | ശ്രീമതി ഷീന പി വി | 04.03.2016മുതൽ31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീപി പി രാജൻ | 01.04.2015മുതൽ31.03.2016വരെ |
| വി ഇ ഒ | ശ്രീ ബജീഷ് കെ | 01.04.2015മുതൽ31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | കെട്ടിട നിർമാണ പെർമിറ്റ്, ക്രവൽകരണം-അപാകതകൾ | 2-1 | |
| 13 | പഞ്ചായത്ത് വക കെട്ടിടം- വാടക സംബന്ധമായ അപാകതകൾ | 2-2 | |
| 14 | കെട്ടിട നിർമാണ പെർമിറ്റ് ഫീസ്- ഈടാക്കിയതിൽ കറവ് | 2-3 | |
| 15 | ഡി & ഓ ലൈസൻസ്- എംആർ എഫ് ഈടാക്കിയിട്ടില്ല, സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. | 2-4 | |
| 16 | വാർഷിക കണക്കിലെ അപാകതകൾ | 2-5 | |
| 17 | കൃഷി- ഗുണഭോക്തൃവിഹിതം മുഴുവൻ അടവാക്കിയിട്ടില്ല. | 2-6 | |
| 18 | രശീതുബുക്ക്- സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകൾ | 2-7 | |
| | ഭാഗം 3 | | |
| 19 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച | 3-1 | |
| 20 | ആശ്രയ ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച | 3-2 | |
| 21 | വിവിധ മേഖലകളിൽ പദ്ധതി പ്രവർത്തനങ്ങളില്ല | 3-3 | |
| 22 | മൺ റോഡുകൾക്ക് ഫോർമേഷന് തുക നല്കി | 3-4 | |
| 23 | മരാമത്ത് പ്രവൃത്തികളുടെ കരാറുകാരെ കണ്ടെത്തുന്നതിൽ മത്സരം ഉറപ്പുവരുത്തുന്നില്ല. | 3-5 | |
| 24 | മരാമത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കറവ് | 3-6 | |
| 25 | ജലസേചനത്തിന് പമ്പ്സെറ്റ് വിതരണം -സബ്സിഡിയിനത്തിൽ അധികം തുക നൽകി | 3-7 | |
| 26 | വാഴകൃഷിവ്യാപനം പ്രോജക്ടിൽ വാങ്ങിയ വാഴകന്നുകളുടെ വിതരണം ചെയ്തത് സംബന്ധിച്ച വിവരങ്ങളില്ലാത്തതും മറ്റ് അപാകതകളും. | 3-8 | |
| 27 | സമഗ്രതെങ്ങ് കൃഷിവികസനം -ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് വളം സബ്സിഡി നൽകി | 3-9 | |
| 28 | റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട് | 3-10 | |
| 29 | ഇ.എം .എസ് ഭവനപദ്ധതിയിൽ നിർമ്മാണം ആരംഭിച്ച വീടുകൾ നാളിതുവരെയായും പൂർത്തീകരിച്ചില്ല. | 3-11 | |
| 30 | വാർദ്ധക്യകാലപെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ വൻകാലതാമസം | 3-12 | |
| 31 | അംഗൻവാടി വൈദ്യുതീകരണം - ഇലക്ട്രിസിറ്റി ലഭ്യമാക്കിയിട്ടില്ല | 3-13 | |
| 32 | സാധനങ്ങൾ വാങ്ങിയത്- പ്രൊക്യുർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചല്ല | 3-14 | |
| 33 | ദേശീയ രോഗപ്രതിരോധ പ്രവർത്തനങ്ങൾ-മെയിന്റനൻസ് ഗ്രാന്റ് വാഹനവാടകയ്ക്ക് ഉപയോഗപ്പെടുത്തി | 3-15 | |
| 34 | ഔദ്യോഗിക യാത്രകൾ നടത്തിയ ജീവനക്കാർ യാത്രാഡയറി സമർപ്പിക്കാതെ യാത്രാപ്പടി കൈപ്പറ്റി. | 3-16 | |
| 35 | മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം | 3-17 | |
| 36 | അസി എഞ്ചിനീയർ രേഖകളിൽ ഒപ്പുവച്ചില്ല | 3-18 | |
| 37 | പഞ്ചായത്ത് വാഹനത്തിന് ഇന്ധനം നിറക്കുന്നതിൽ സർക്കാർ നിർദേശം പാലിക്കുന്നില്ല. | 3-19 | |
| 38 | മീഡിയാശ്രീ പദ്ധതിക്ക് തുക നൽകിയത്- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 3-20 | |
| 39 | ജംഗമ ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല. | 3-21 | |
| | ഭാഗം 4 | | |

| | | | |
|---|---|---|---|
| 40 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 41 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 43 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 44 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 45 | ഓഡിറ്റ് റിക്കവറി | 4-6 | |
| 46 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |



## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 25.03.2015ലെ 30/2015 തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 01.03.2016 ലെ 19/2016(2) പ്രകാരവും അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 26.07.2016 | | |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | | |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

### 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 2,35,08855.97

വരവ് - 2,83,12548.00

ആകെ - 5,18,21403.97

ചെലവ് - 4,03,47840.00

നീക്കിയിരിപ്പ്- 1,14,73563.97

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2275694 | | 7305358 | 7305358 | + 5029664 | 0 |
| വികസനഫണ്ട് എസ്.സി.പി. | 360575 | 345000 | 705575 | 345000 | (-)360575 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 179443 | 363334 | 542777 | 363334 | (-)179443 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 3277706 | 124343 | 3402049 | 3402049 | | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1834960 | 8971655 | 10806615 | 10806615 | | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1979477 | 3767797 | 5747274 | 3769327 | (-)1977947 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2511699 | 2382580 | 4896899 | 2385200 | (-) 2511699 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 3199 | 13756678 | 13759877 | 13758675 | | 1202 |
| ബി ഫണ്ട് | - | 17515780 | 17515780 | 17515780 | | - |

### 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 46492015 | 118 | 30840770 | 11 | 46 | 67 |

മേഖല തിരിച്ച് വിവരം താഴെ ചേർക്കുന്നു

| മേഖല | ജനറൽ പ്രൊജക്ടുകൾ | | പട്ടികജാതി | | പട്ടികവർഗ്ഗം | | ആകെ | നടപ്പാക്കിയവ |
|---|---|---|---|---|---|---|---|---|
| | ആകെ | നടപ്പാക്കിയവ | ആകെ | നടപ്പാക്കിയവ | ആകെ | നടപ്പാക്കിയവ | | |
| ഉൽപാദനം | 15 | 11 | 1 | - | - | - | 16 | 11 |
| സേവനം | 47 | 25 | 8 | 4 | 3 | 2 | 58 | 31 |
| പശ്ചാത്തലം | 100 | 86 | - | - | 1 | 1 | 101 | 87 |
| ആകെ | 162 | 122 | 9 | 4 | 4 | 3 | 175 | 129 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം249 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3572591 | 2961555 | 611036 | - |
| നികുതിയേതര വരവുകൾ | 495091 | 824018 | 328927 | + |
| മറ്റുവരവുകൾ | 128346 | 6690861 | 6562515 | + |
| ആകെ | 4196028 | 10476434 | 6280406 | 249 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 175680 | 102 |
| കർഷകതൊഴിലാളി പെൻഷൻ | 3666090 | 491 |
| വിധവാപെൻഷൻ | 5457560 | 602 |
| വാർദ്ധക്യകാലപെൻഷൻ | 5797380 | 861 |
| വികലാംഗപെൻഷൻ | 2137670 | 214 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 101400 | 11 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 180000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.11.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41644/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.10.2016,07.10.2016 | 8/2016,9/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.07.2013 മുതൽ 17.08.2013 വരെ | 2008-09 മുതൽ 2012-13 വരെ | 10.10.2013 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നിർമ്മാണ പെർമിറ്റ് , ക്രമവൽകരണം - അപാകതകൾ

ഓഡിറ്റ് വർഷം കെട്ടിട നിർമ്മാണ പെർമിറ്റിനുവേണ്ടി 106 അപേക്ഷകളാണ് ലഭിച്ചത്. എന്നാൽ ഇതേ വർഷം 129 കെട്ടിടങ്ങൾ ക്രമവൽകരിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ക്രമവൽകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പെർമിറ്റിനേക്കാൾ കൂടുതൽ (125 ശതമാനത്തോളം) അപേക്ഷകൾ ക്രമവൽകരണത്തിന് ലഭ്യമായിട്ടും, മുൻകൂട്ടി അനുമതി വാങ്ങാതെ അനധികൃത നിർമ്മാണം നടക്കുന്ന കാര്യം ഫീൽഡ് സ്റ്റാഫ് ഒരിക്കൽപോലും റിപ്പോർട്ട് ചെയ്തിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ചാണ് ക്രമവൽകരണത്തിന് അപേക്ഷ സമർപ്പിക്കുന്നത് എന്നതിനാൽ നിർമ്മാണത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനമുണ്ടെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കാനോ കെട്ടിടം പൊളിച്ചുമാറ്റാനോ കഴിയാത്ത സാഹചര്യം സൃഷ്ടിക്കപ്പെടുന്നതാണ്. കൂടാതെ നിർമ്മാണം പൂർത്തീകരിച്ച് വർഷങ്ങൾ കഴിഞ്ഞ് ക്രമവൽകരണത്തിന് അപേക്ഷ സമർപ്പിക്കുന്ന സംഗതിയിൽ മുൻവർഷങ്ങളിലെ കെട്ടിടനികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നതിന് കാരണമാകുന്നു. നിയമ / ചട്ട ലംഘനം കൺമുന്നിൽ നടന്നിട്ടും അതിനെതിരെ നടപടി സ്വീകരിക്കാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 2-2 പഞ്ചായത്ത് വക കെട്ടിടം- വാടക സംബന്ധമായ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1) 13/1070 നമ്പർ മുറി വാടകയ്ക്ക് നൽകിയ ശ്രീ സുമേഷ് വി വി എന്നവരുമായുള്ള വാടക കരാർ പത്രം ഫയലിൽ ലഭ്യമല്ല.

2) 13/1073, 1074, 1075,1076 നമ്പർ മുറികൾ ശ്രീ നാസർ അരിങ്ങാട്ടിൽ , വളയം എന്നവർക്ക് 1500/- രൂപ മാസ വാടകയ്ക്ക് നല്കിയിരുന്നെങ്കിലും 2 മാസത്തിനുശേഷം വാടകക്കാരന്റെ അപേക്ഷപ്രകാരം കരാർ റദ്ദാക്കിയതായും ടിയാൾ ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ 4500/- രൂപയിൽ 3000/- രൂപ 2 മാസത്തെ വാടകയിനത്തിൽ വരവുവെച്ചതായും കാണുന്നു. വാടക റദ്ദാക്കിയതിനുശേഷം പുനർലേലത്തിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

3) ബാലൻസ് ഷീറ്റിൽ ബാധ്യത ഇനത്തിൽ "340200101 Rent Deposit " ആയി 800/- രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിന്റെയോ, സെക്യൂരിറ്റി ഡെപ്പോസിറ്റ്, വാടക എന്നിവ നിശ്ചയിച്ച ഭരണസമിതി തീരുമാനത്തിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. നിലവിൽ 7 മുറികൾ വാടകയ്ക്ക് നൽകിയതിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി 800/- രൂപ ഈടാക്കിയതിൽ നിന്നും വളരെ കുറഞ്ഞ തുകയാണ് ഈയിനത്തിൽ വരവു വന്നതെന്ന് കാണുന്നു. എത്ര രൂപ വീതമാണ് ഓരോ മുറിക്കും ഈടാക്കിയതെന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 കെട്ടിടനിർമ്മാണ പെർമിറ്റ് - ഫീസ് ഈടാക്കിയതിലുള്ള കുറവ്

ഗ്രാമപഞ്ചായത്തിലെ 2015-16 ലെ കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള രജിസ്റ്ററുകളും ഫയലും പരിശോധിച്ചതിൽ ശ്രീ അബ്ദുൾ അസീസ്, പുളിയച്ചേരി, പുളിയാവ് (പിഒ) എന്നവരിൽ നിന്നും ഫീസ് ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു.

| സീരിയൽ നമ്പർ | പേര് | തരം | വിസ്തീർണ്ണം | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 23 | അബ്ദുൾ അസീസ് | വാസഗൃഹം | 338.39 m2 | 1017 + 10(കിണർ)<br>=1027 | 838 | 189 |

കുറവുള്ള തുക കക്ഷിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഡി & ഓ ലൈസൻസ്- മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയിട്ടില്ല ,സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ഡി & ഓ ലൈസൻസ് രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ, താഴെ പറയുന്ന അപാകത കാണുന്നു.

1) മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയിട്ടില്ല.

| രജിസ്റ്റർ പ്രകാരം സീരിയൽ നമ്പർ | പേര് | കെട്ടിട നമ്പർ | ഈടാക്കേണ്ട തുക |
|---|---|---|---|
| 75 | ശ്രീ മജീദ്, ഏച്ചിപതേമ്മൽ, കൊടിയൂറ, കല്ലാച്ചി | 10/296 | 100/- |
| 140 | ഹംസ കെ കെ | 9/403 | 100/- |
| | | ആകെ | 200/- |

2) സീരിയൽ നമ്പർ 140- ശ്രീ ഹംസ കെ കെ എന്നവരുടെ അപേക്ഷയോടൊപ്പം സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

മേൽതുക കക്ഷിയിൽ നിന്നും ഈടാക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

## 2-5 വാർഷിക കണക്കിലെ അപാകതകൾ

2015-16 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)

| | | |
|---|---|---|
| 1 | കെട്ടിട നികുതി ഡിമാന്റ് രജിസ്റ്റർ | തയ്യാറാക്കിയിട്ടില്ല |
| 2 | കെട്ടിട നികുതി കുടിശിക ഡിമാന്റ് രജിസ്റ്റർ | " |
| 3 | പലവക ഡിമാന്റ് രജിസ്റ്റർ | " |

പ്രസ്തുത രജിസ്റ്ററുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രികയുമായി കണക്കുകൾ ഒത്തുനോക്കാൻ കഴിഞ്ഞിട്ടില്ല.

2) നോൺ റോഡ് - മെയ്ന്റനൻസ് ഫണ്ട് ഇനത്തിൽ മുൻബാക്കിയായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ 18,34,960/- രൂപയും ഫണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റിൽ 19,34,960/- രൂപയും കാണിച്ചിരിക്കുന്നതിന്റെ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

3) നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ഈടാക്കുന്ന വാറ്റ്, ഇൻകം ടാക്സ് എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6) മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഇ എഫ് എം എസ് ചെലവുതുക 1,47,27,982/- രൂപയാണ്. എന്നാൽ വാർഷിക കണക്കുപ്രകാരം 1,37,58,560 രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 2-6 കൃഷി-ഗുണഭോക്തൃവിഹിതം- വരവുതുക മുഴുവൻ അടവാക്കിയിട്ടില്ല.

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം ഇനത്തിൽ വരവു വന്ന തുക അടവാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| ഇനം | തിയ്യതി | രശീതിബുക്ക് നമ്പർ | രശീതി നമ്പർ | തുക | അടവാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| ന്യൂട്രിഫിഷ്<br>ഗുണഭോക്തൃവിഹിതം | 11.11.2015 | 17072 | 20 | 88.50 | 35 | 53.50 |
| വാഴക്കന്ന് വിതരണം ഗുണഭോക്തൃവിഹിതം | 25.02.2016 | 17073 | 95 | 187.50 | 93.75 | 93.75 |
| | | | | | | 147.25 |

1)ആകെ വരവുതുക അടവാക്കിയതിൽ 147.25/- രൂപയുടെ കുറവുള്ളതായി കാണുന്നു.

2)ബാക്കിയുള്ള രശീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

മേൽ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും ബാക്കിയുള്ള രശീതുകൾ ക്യാൻസൽ ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-7 രശീതി ബുക്ക്- സ്റ്റോക്ക് രജിസ്റ്ററിലെ അപാകത

ഗ്രാമപഞ്ചായത്തിലെ രശീതിബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, സാംഖ്യ രശീതികൾ കൗണ്ടറിലേക്ക് വിതരണം ചെയ്യുന്നതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല.

ഓഡിറ്റ് കാലയളവിൽ 15,000 സാംഖ്യ രശീതികൾ സ്റ്റോക്കിലെടുത്തിട്ടുണ്ട് [29.04.2015 ന് 3000 (6384001-6387000), 10.02.2016 ന് 3000 ( 9354001-9357000) 12.07.2016ന് 9000 ( 4437001-4446000]. എന്നാൽ രശീതികൾ കൗണ്ടറിലേക്ക് നൽകിയ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാത്തതിനാൽ മുൻബാക്കിയടക്കം ഉപയോഗിച്ച രശീതികളുടെ വിവരം ലഭ്യമല്ല.

രശീതുകൾ കൗണ്ടറിലേക്ക് വിതരണം ചെയ്യുന്നതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കാലികമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച

ഓഡിറ്റ് വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതികൾ നിർവ്വഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. 175 പ്രൊജക്ടുകൾക്ക് ആകെ വകയിരുത്തിയതുകയുടെ 66.23% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്. ഇതുമൂലം തൻവർഷം വിനിയോഗിക്കാൻ സമാഹരിച്ച/വിഭാവനം ചെയ്ത 1.57 കോടി രൂപ വിനിയോഗിക്കാൻ കഴിയാതെവന്നു.വിദാംശം താഴെ കൊടുക്കുന്നു.

| ക്രമനം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 10033694 | 7305358 | 72.8 |
| 2 | പ്ലാൻ ഫണ്ട് SCP | 549575 | 345000 | 62.77 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 5926540 | 3769327 | 63.6 |
| 4 | ലോകബാങ്ക് ധനസഹായം | 2511699 | 2385200 | 94.96 |
| 5 | പ്ലാൻ ഫണ്ട് TSP | 649443 | 363334 | 56 |
| 6 | കേന്ദ്ര ധനസഹായം | 1564000 | 593039 | 38 |
| 7 | സംസ്ഥാന ധനസഹായം | 1546500 | 1211711 | 78.35 |
| 8 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 15038706 | 13161008 | 87.51 |
| 9 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 4241540 | 1047652 | 24.69 |
| 10 | തനത് ഫണ്ട് | 1000093 | 390210 | 39 |
| 11 | ബ്ലോക്ക് വിഹിതം | 25000 | --- | 0 |
| 12 | ജില്ലാ പഞ്ചായത്ത് വിഹിതം | 1300000 | --- | 0 |
| 13 | മറ്റുള്ളവ | 1705225 | 268927 | 15.77 |
| ആകെ | | 46492015 | 30840770 | 66.33 |

ക്രമനം 1മുതൽ 5 വരെയുള്ളവയുടെയും ക്രമനം 8,9 എന്നിവയുടെയുംകാര്യത്തിൽ നീക്കിയിരിപ്പുതുക 15-16 വർഷാവസാനം ലാപ്സായിരിക്കുന്നതിനാലും, നാളിതുവരെ മേൽ തുക സർക്കാർ തിരികെ നല്കിയിട്ടില്ലാത്തതിനാലും ഫലത്തിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. മേൽ കണക്കുകൾ പ്രകാരം 1.05 കോടി രൂപയോളം ഇപ്രകാരം നഷ്ടമായിട്ടുണ്ട്. അംഗീകാരം വാങ്ങിയ പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ നടത്തിയ വീഴ്ചയാണ് തുക നഷ്ടമാകാൻ കാരണമെന്ന് പദ്ധതിചെലവ് രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. പ്രധാനമായും താഴെ പറയുന്ന ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു.

| ക്രമനം | നിർവ്വഹണഉദ്യോഗസ്ഥൻ | മേഖല | പ്രൊജക്ടുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെഎണ്ണം | വകയിരുത്തിയതുക | ചെലവഴിച്ച തുക | ചെലവ്% | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1 | എ.ഇ | പൊതുമരാമത്ത് | 116 | 91 | 31257762 | 23454569 | 71 | |
| 2 | എ.ഇ | കുടിവെള്ളം,ശുചിത്വം(മാലിന്യ പരിപാലനം ഉൾപ്പടെ) | 3 | --- | 2720000 | --- | 0 | |
| 3 | അസി.സെക്രട്ടറി | പട്ടികജാതി വികസനം,പട്ടിക വർഗ്ഗ വികസനം | 11 | 6 | 1947018 | 708334 | 36.38 | |
| 4 | വി.ഇ.ഒ | ദാരിദ്ര്യലഘൂകരണം (പാർപ്പിടം ഉൾപ്പടെ) | 11 | 3 | 1881317 | 558817 | 29.7 | |

ഇരു മേഖലകളിലുമായി 119 പ്രൊജക്ടുകൾ വിഭാവനം ചെയ്ത അസി.എഞ്ചിനീയറാണ് ഫണ്ട് നഷ്ടപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചിരിക്കുന്നത്. ആകെ പ്രൊജക്ടുകളുടെ 68% വും ആകെ വകയിരുത്തിയ തുകയുടെ 73% വും പൊതുമരാമത്ത്,കുടിവെള്ളം,ശുചിത്വം എന്നീ മേഖലകളിൽ ചെലവഴിക്കുന്നതിന് അസി.എഞ്ചിനീയറെയാണ് ചുമതലയേല്പിച്ചിരിക്കുന്നത്. 3ഓവർസിയറും,ഒരു ക്ലാർക്കും ഒരു അസി.എഞ്ചിനീയറും മാത്രമുള്ള എഞ്ചിനീയറിംഗ് വിഭാഗം,ചെക്യാടിനു പുറമെ,തൂണേരി ഗ്രാമപഞ്ചായത്തിന്റെ കൂടി ചുമതല വഹിക്കുന്നുണ്ട്(ഒരു ഓവർസിയറുടെയും ക്ലാർക്കിന്റെയും തസ്തികകൾ ഓഡിറ്റ് കാലയളവിൽ ഒഴിഞ്ഞുകിടക്കുകയായിരുന്നെന്ന് ഓഡിറ്റിന് വ്യക്തമാക്കിയിട്ടുണ്ട്)പരിമിതമായ ജീവനക്കാർ മാത്രമേ ഉള്ളൂവെന്നിരിക്കെ, ഇത്രയും പ്രൊജക്ടുകൾ വിഭാവനം ചെയ്തതിന്റെ സാംഗത്യം വ്യക്തമാക്കേണ്ടതുണ്ട്.ഇതിൽ തന്നെ 91 പ്രൊജക്ടുകൾക്ക് മാത്രമാണ് തുക വിനിയോഗിക്കാൻ കഴിഞ്ഞത്.തൻവർഷം നഷ്ടപ്പെട്ടതായി സൂചിപ്പിച്ച 1.05 കോടി രൂപയിൽ 90.45ലക്ഷം രൂപയും, നടപ്പിലാക്കാൻ കഴിയാതെവന്ന 28 പ്രൊജക്ടുകൾ ഉൾപ്പടെയുള്ളവയ്ക്ക് അസി.എഞ്ചിനീയർ വകയിരുത്തിയ തുകയാണെന്നു കാണാം. നിർവ്വഹണം നടത്തിയ 91 പ്രൊജക്ടുകൾ തന്നെ എങ്ങിനെ നിർവ്വഹണം നടത്താൻ സാധിച്ചു എന്നും വ്യക്തമാക്കേണ്ടതാണ്. മേൽനോട്ടകുറവിനും,അതുവഴി പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ വീഴ്ച വരുന്നതിനും ഇത് ഇടയാക്കിയിട്ടുണ്ടാകുമെന്ന് വ്യക്തമാണ്.

11 പ്രൊജക്ടുകൾക്ക് 18.81 ലക്ഷം വകയിരുത്തി അതിന്റെ 29.7% മാത്രം ദാരിദ്ര്യലഘൂകരണത്തിനായി വിനിയോഗിച്ച വി.ഇ.ഒയും,11 പ്രൊജക്ടുകൾക്ക് വകയിരുത്തിയ 19.47 ലക്ഷം രൂപയിൽ 7.08ലക്ഷം മാത്രം വിനിയോഗിച്ച അസി.സെക്രട്ടറിയും ഫണ്ട് നഷ്ടപ്പെട്ടതിൽ ഉത്തരവാദികളാണ്. ഗ്രാമപഞ്ചായത്തിന്റെ പുരോഗതിയ്ക്ക് സമയബന്ധിതമായി തുക വിനിയോഗിക്കാത്തതിനും,വൻ തുക പഞ്ചായത്തു ഫണ്ടിന് നഷ്ടം വരുത്തിയതിനും വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

കൂടാതെ , പ്രൊജക്ടുകളുടെ ബാഹുല്യം നിയന്ത്രിക്കാതിരുന്ന ഭരണസമിതിയ്ക്കും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ടെന്ന കാര്യം പ്രസക്തമാണ്.

## 3-2 ആശ്രയ ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി .സെക്രട്ടറി

ആശ്രയ പദ്ധതിയുടെ ആദ്യ പ്രൊജക്ട് 2013 വർഷത്തിൽ പുതുക്കിയതിൽ 20 ഗുണഭോക്താക്കൾ വിവിധങ്ങളായ കാരണങ്ങളാൽ DPR(Detailed Project Report)ൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 2014-15 വർഷത്തിൽ അംഗീകാരം വാങ്ങിയ പുതിയ പ്രൊജക്ടിൽ ആകെ 117 ഗുണഭോക്താക്കളും ഉൾപ്പെട്ടുകാണുന്നു.രണ്ട് പ്രൊജക്ടുകൾ പ്രകാരവും വിവിധ അടിസ്ഥാന സൌകര്യ ആവശ്യങ്ങൾ ഉള്ള ഗുണഭോക്താക്കളുടെ വിശദാംശം താഴെ കൊടുക്കുന്നു.

ശേഖരിക്കേണ്ട വിവരങ്ങൾ

| ഇനം | st പ്രൊജക്ട് | 2nd പ്രൊജക്ട് |
|---|---|---|
| പ്രൊജക്ട പ്രകാരം ആകെ ഗുണഭോക്താക്കൾ* | 20 | 117 |
| പ്രൊജക്ടപ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | ഇല്ല | 4 |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |
| പ്രൊജക്ടപ്രകാരം വീട് ആവശ്യമുള്ളവർ | 3 | 50 |
| നാളിതുവരെ ലഭിച്ചവർ | 1 | ഇല്ല |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 2 | 6 |
| നാളിതുവരെ ലഭിച്ചവർ | 1 | ഇല്ല |
| കക്കൂസ് ആവശ്യമുള്ളവർ | 1 | 21 |
| നാളിതുവരെ ലഭിച്ചവർ | 1 | 2 |

| | | |
|---|---|---|
| | | |
| കടിവെള്ളം ആവശ്യമുള്ളവർ | 11 | 45 |
| നാളിതുവരെ ലഭിച്ചവർ | 1 | ഇല്ല |

2003 ൽ തയ്യാറാക്കിയ പ്രൊജക്റ്റിലെ ഗുണഭോക്താക്കളിൽ നാളിതുവരെ വീട് ലഭിക്കാത്തതായി 2 പേരും റിപ്പയർ ആവശ്യമുള്ള ഒരാളും കടിവെള്ളസൌകര്യമില്ലാത്ത 10 പേരും അവശേഷിക്കുന്നുണ്ട് എന്നത് വിശദീകരിക്കപ്പെടേണ്ടതാണ്.കൂടാതെ2014-15 വർഷത്തിൽ അംഗീകാരം വാങ്ങിയ പുതിയ പ്രൊജക്റ്റിലെ ഒരു ഗുണഭോക്താവിനും നാളിതുവരെ സഹായം ലഭ്യമാകാത്തതും വിശദീകരിക്കേണ്ടതാണ്. ജനറൽ,SC,ST എന്നീ വിഭാഗങ്ങൾക്കായി മേൽ ആവശ്യങ്ങൾക്ക് വിഭാവനം ചെയ്യുന്ന പ്രൊജക്റ്റിലെ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽപ്പെട്ടവരെ ഉൾപ്പെടുത്തി ഇവരുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടതായിരുന്നു .ഇപ്രകാരം ചെയ്തിരുന്നെങ്കിൽ പ്രൊജക്റ്റ് ആരംഭിച്ച് ആദ്യ വർഷങ്ങളിൽ തന്നെ ഗുണഭോക്താക്കളുടെ അടിസ്ഥാനസൌകര്യാവശ്യങ്ങൾ നിറവേറ്റപ്പെടുമായിരുന്നു.എന്നാൽ ആശ്രയ പദ്ധതിയിൽപ്പെട്ടവർക്ക് പ്രത്യേകപ്രൊജക്റ്റുകൾ വിഭാവനം ചെയ്ത് പരിമിതമായ ഫണ്ട് വകയിരുത്തുന്ന രീതി മിക്ക പഞ്ചായത്തുകളിലും ഉള്ളതുപോലെ ഈസ്ഥാപനത്തിലും സ്വീകരിച്ചിട്ടുണ്ട്.188/16 നം പ്രൊജക്റ്റ് ഇതിനുദാഹരണമാണ് .ഇതുകൊണ്ടു തന്നെ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുമുമ്പ് തന്നെ അതിലും ഉയർന്ന ശേഷിയുള്ള മറ്റ് വിഭാഗങ്ങളിലുള്ളവർക്ക് ധനസഹായം ലഭ്യമാകുന്നുണ്ട്.ആസൂത്രണ/ സബ്സിഡി മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെ അർഹതയിൽ മുന്നിലുള്ളവരെ അവഗണിച്ച് പദ്ധതിപ്പണം ചെലവഴിച്ചത് വിശദീകരിക്കപ്പെടേണ്ടതാണ്.

## 3-3 വിവിധ മേഖലകളിൽ പദ്ധതി പ്രവർത്തനങ്ങളില്ല

ഓഡിറ്റ് വർഷത്തിൽ വി.ഇ.ഒ കൺവീനറും നിർവ്വഹണ ഉദ്യോഗസ്ഥനുമായ ചെറുകിട വ്യവസായ മേഖലയിൽ പ്രൊജക്റ്റുകൾ ഒന്നും തന്നെ വിഭാവനം ചെയ്യുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. ദാരിദ്ര്യലഘൂകരണത്തിനായി11 പ്രൊജക്റ്റുകൾക്ക് 18.81 ലക്ഷം വകയിരുത്തി അതിന്റെ 29.7% മാത്രമാണ് വി.ഇ.ഒ. വിനിയോഗിച്ച തെന്നത് ഇവിടെ ശ്രദ്ധേയമാണ്. എ.ഇ കൺവീനറും നിർവ്വഹണ ഉദ്യോഗസ്ഥനുമായ കുടിവെള്ളം,ശുചിത്വ മേഖലയിലും,ഐ.സി.ഡി എസ് സൂപ്പർവൈസർ കൺവീനറും നിർവ്വഹണ ഉദ്യോഗസ്ഥനുമായ സാമൂഹ്യക്ഷേമ മേഖലയിലും നാമമാത്രമായ പ്രൊജക്റ്റുകൾ വിഭാവനം ചെയ്തെങ്കിലും തുകയൊന്നും വിനിയോഗിച്ചിട്ടില്ല.മേൽ നിർവ്വഹണ ഉദ്യോഗസ്ഥർ തങ്ങളെ ഏല്പിച്ച ചുമതല നിർവ്വഹിക്കാതെ കർത്തവ്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയിരിക്കുകയാണ് .ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-4 മൺ റോഡുകൾക്ക് ഫോർമേഷന് തുക നല്കി

നിർവ്വഹണം: അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ, നിലവിലുള്ള മൺ റോഡുകളിൽ സോളിംഗ് വരെയും, ടാറിംഗ് ഉൾപ്പടെയുള്ളതുമായ പ്രവൃത്തികൾ നടത്തിയ പ്രൊജക്റ്റുകളുടെ കാര്യത്തിൽ, സബ് ഗ്രേഡ്, ആവശ്യമായ ലെവലിംഗ് നടത്തി റോളർ ഉരുട്ടി തയ്യാറാക്കുന്നതിന് DSR കോഡ് 16.1 (ഒബ്സേർവ്ഡ് ഡാറ്റ) പ്രകാരമുള്ള സബ് ഗ്രേഡ് ഫോർമേഷൻ പ്രവൃത്തി നടത്തി തുക നല്കിയിട്ടുണ്ട്. 112.25/m2(കരാറുകാരന്റെ ലാഭം ഉൾപ്പടെ) നിരക്കിലാണ് തുക നല്കിയിരിക്കുന്നത്. കാലാകാലങ്ങളായി വാഹന ഗതാഗതം നടത്തി ഉറച്ച മൺറോഡിലാണ് (മിക്ക റോഡുകളിലും മുൻവർഷങ്ങളിൽ ഭാഗികമായി സോളിംഗ് വരെയും, ടാറിംഗ് ഉൾപ്പടെയുള്ളതുമായ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. കൂടാതെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലുള്ള മൺ റോഡാണെന്ന് പരാമർശിച്ചുമുണ്ട്) പുതിയറോഡുകളുടെ കാര്യത്തിൽ ഉപയോഗപ്പെടുത്തേണമെന്ന് DSR ൽ നിഷ്കർഷിച്ച ഇനം നല്കിയിരിക്കുന്നത്. ഇത്തരം റോഡുകളിൽ പ്രതലം ലെവൽ ചെയ്യുന്നതിന് LSGD കോഴിക്കോട് ഡിവിഷൻ തയ്യാറാക്കിയ പുതിയ കോസ്റ്റ് ഇൻഡെക്സ് ക്യാപ്സ്യൂളിൽ ക്രമ നം 1 ആയി ഉറച്ച പ്രതലത്തിലുള്ള സെക്ഷണിംഗ് നടത്തുന്നതിന് കരാറുകാരന്റെ ലാഭം ഉൾപ്പടെ 26.38/m2 നിരക്കാണ് നല്കിയിരിക്കുന്നത്. നിലവിലുള്ള മൺറോഡുകളിൽ സെക്ഷണിംഗ് പ്രവൃത്തി മാത്രമാണ് നടത്തേണ്ടത് എന്നിരിക്കെ ആവശ്യമില്ലാത്ത ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ നിർവ്വഹിച്ചതിനാൽ താഴെ പറയുന്ന പ്രവൃത്തികൾക്കായി 263800/- രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടമായിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി | കരാറുകാരൻ | ആകെ പ്രവൃത്തിമൂല്യം | അവസാന ബിൽ തുക | സബ് ഗ്രേഡ് ചെയ്ത അളവ് | നല്കിയ തുക | നല്കാവുന്ന തുക | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | 72/16-ചോയിത്തോട് കല്ലുകൊത്തിമുക്ക് റോഡ് ടാറിംഗ് | ഹമീദ് കെ | 298327/- | 298327/-ബിൽ നം.1705/520 /079068 തീ.22.3.16 | 195m2 MB.234/15-16 | 21894.6 | 5144.10 | 16751 |
| 2 | 36/16-മാട്ടാമ്മൽ മുക്ക് കളങ്ങര സ്രാമ്പി റോഡ് സോളിംഗ് | രാജൻ എൻ.പി | 197697/- | 197697/-18 /AE/CGP /15-16തീ.27.1.16 | 534m2 MB-216/14-15 | 59941.5 | 14086.92 | 45855 |
| 3 | 37/16-പൂങ്കുളം ഇരുന്നാലാട്ട് കുന്ന് റോഡ് സോളിംഗ് | രാജൻ NP | 291601/- | 291601/- 18/AE/CGP /15-16തീ.27.1.16 | 225m2 MB-219/14-15 | 25263/- | 5935.5 | 19328 |
| 4 | 38/16-പാലത്തിന്റവിടമുക്ക് കായൽമുക്ക് റോഡ് സോളിംഗ് | രാജൻ എൻ.പി | 197242/- | 197242/- 31/AE/CGP /15-16തീ.22.2.16 | 375m2 MB-213/14-15 | 42093.75 | 9892.5 | 32201 |
| 5 | 54/16-പാലകുന്നത്ത് മുക്ക് അംഗൻവാടിറോഡ് സോളിംഗ് | ഹമീദ് കെ | 150000/- | 150000/- 40/AE/CGP /15-16തീ.14.3.16 | 423.09m2 MB-226/15-16 | 47491.85 | 11161.11 | 36331 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | 52/16-എള്ളിൽമുക്ക് നാരങ്ങോളി മുക്ക്റോഡ് സോളിംഗ് | ഹമീദ് കെ | 49436/- | 49436/- 75/AE/CGP /15-16തീ.22.3.16 | 75m2 MB-236/15-16 | 8421 | 1978.5 | 6443 |
| 7 | 101/16-കീഴനമുക്ക് വണ്ണത്താംകണ്ടി റോഡ് നിർമ്മാണം | ഹമീദ് കെ | 198791/- | 198791/- 71/AE/CGP /15-16തീ.22.3.16 | 182.5m2 MB-233/15-16 | 20485.63 | 4814.35 | 15671 |
| 8 | 89/16-റേഷൻകടമുക്ക് എരഞ്ഞോളിമുക്ക് റോഡ് ടാറിംഗ് | ടി കുഞ്ഞിരാമൻ | 300000/- | 300000/- 36/AE/CGP /15-16തീ.14.3.16 | 120m2 MB-146/15-16 | 13470/- | 3165.6 | 10304 |
| 9 | 88/16-ട്രാൻസ്ഫോർമുക്ക് പോത്തരേമ്മൽ മുക്ക് ഹൈസ്കൂൾ റോഡ് ടാറിംഗ് | ടി കുഞ്ഞിരാമൻ | 450000/- | 450000/- ബിൽ നം.1705/520 /079046 തീ.14.3.16 | 264m2 MB-145/15-16 | 29634/- | 6964.32 | 22670 |
| 10 | 85/16-സാംസ്കാരിക നിലയം തീക്കുന്നുമ്മൽ റോഡ് ടാറിംഗ് | ടി ദിനേശ് സിംഗ് | 399865/- | 399865/- 91/AE/CGP /15-16തീ.30.3.16 | 675m2 274/15-16 | 75789/- | 17806.5 | 57983 |
| | | | | | | | | 263800/- |

അപാകതയ്ക്ക് വിശദീകരണം നല്കാനാവശ്യപ്പെട്ടെങ്കിലും മറുപടി നല്കിയിട്ടില്ല. 263800/- രൂപ, നഷ്ടത്തിന് ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 മരാമത്ത് പ്രവൃത്തികളുടെ കരാറുകാരെ കണ്ടെത്തുന്നതിൽ മത്സരം ഉറപ്പുവരുത്തുന്നില്ല.

നിർവ്വഹണം: അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തുന്നതിനായി അംഗീകാരം വാങ്ങിയ 119 പ്രൊജക്ടുകളിൽ 28 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു.സ്പിൽ ഓവർ പ്രവൃത്തികളുടെ കാര്യത്തിലും തൻ വർഷം തുക ചെലവഴിച്ച 68 പുതിയപ്രൊജക്ടുകളിൽ ഇടെണ്ടർ നടത്തിയ 3 പ്രൊജക്ടുകൾ ഒഴികെയുള്ളവയുടെ കാര്യത്തിലും പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിലാണ് കരാറുകാരെ ഏല്പിച്ചിരിക്കുന്നത്. രേഖകൾ പരിശോധിച്ചതിൽ ആകെ 6 കരാറുകാർ മാത്രമാണ് മുഴവൻ പ്രവൃത്തികളുടെയും കാര്യത്തിൽ ടെണ്ടറുകളിൽ പങ്കെടുത്തതെന്നും(ഇതിൽ ഒരു കരാറുകാരൻ ഒരു പ്രവൃത്തി മാത്രമാണ് നടത്തിയത്) ഓരോ പ്രവൃത്തിയ്ക്കും രണ്ട് കരാറുകാർ മാത്രമാണ് പങ്കെടുത്തതെന്നും കാണുന്നു.രണ്ട് കരാറുകാരിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കും മറ്റെയാൾ എസ്റ്റിമേറ്റിനേക്കാൾ ഉയർന്നനിരക്കും ക്വോട്ട് ചെയ്യുകയും എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്തയാൾക്ക് പ്രവൃത്തി ഏല്പിച്ചുകൊടുക്കുകയും ചെയ്യുന്ന പ്രവണതയാണ് കണ്ടുവരുന്നത്. CPWD ഡാറ്റായും ഡെൽഹി ഷെഡ്യൂൾ നിരക്കും അടിസ്ഥാനപ്പെടുത്തിയാണ് പ്രവത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നതിനാൽ 2012 -ലെ നിരക്ക് അടിസ്ഥാനപ്പെടുത്തിയുള്ളതിനേക്കാൾ വളരെ ഉയർന്ന നിരക്കാണ് എല്ലാ ഇനങ്ങൾക്കും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.കൂടാതെ റോഡ് പ്രവത്തികളുടെ കാര്യത്തിൽ ടാറിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ തുകയുമാണ്. ചില റോഡ് പ്രവത്തികളുടെ കാര്യത്തിൽ സബ് ഗ്രേഡ് തയ്യാറാക്കുന്നതിന് അനർഹമായ രീതിയിൽ വലിയ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. നിരക്കുകളുടെ കാര്യത്തിൽ ഇത്രയും ലാഭകരമായ അവസ്ഥയുണ്ടായിട്ടും ടെണ്ടറുകളിൽ മത്സരം ഇല്ലാതിരുന്നത് സ്ഥാപനം പരിശോധിക്കാത്തതും മത്സരം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കാത്തതും വിശദീകരക്കപ്പെടേണ്ടതുണ്ട്. ഇടെണ്ടർ നടത്തിയ പ്രവൃത്തികളുടെ കാര്യത്തിൽ 7.2% വരെ കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിക്കപ്പെട്ടിട്ടുണ്ട് എന്നതും എല്ലാ പ്രവൃത്തികളും കുറഞ്ഞ നിരക്കിലാണ് കരാറെടുത്തതെന്നും ഇവിടെ പ്രത്യേക പരാമർമർഹിക്കുന്നു.അപാകതയ്ക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത് ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റനു ലഭ്യമാക്കേണ്ടതുമാണ്

## 3-6 മരാമത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ്

നിർവ്വഹണം : അസി. എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ പ്രവൃത്തി പൂർത്തീകരിച്ച് അവസാന ബിൽ തുക നല്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ, ബിൽ തുക നല്കുമ്പോൾ 4% നിരക്കിലാണ് നികുതി ഇടാക്കിയത്.ഇത് കോമ്പൌണ്ട് ചെയ്ത നിരക്കായതിനാൽ നികുതി കോമ്പൌണ്ട് ചെയ്തതിന് വില്പന നികുതി വകുപ്പിൽനിന്നുള്ള സാക്ഷ്യപത്രം കരാറുകാർ സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ സാക്ഷ്യപത്രം ആവശ്യപ്പെടാതെയാണ് കരാറുകാർക്ക് തുക അനുവദിച്ചിരിക്കുന്നത്. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% നിരക്കിലുമാണ് നികുതി ഈടാക്കേണ്ടിയിരുന്നത്. വാറ്റ് ഈടാക്കിയതിൽ കുറവ് വന്നതിനാൽ 46670/-രൂപയുടെ നഷ്ടം സർക്കാരിന് സംഭവിച്ചിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നം | കരാറുകാരൻ | 2015-16 ലെപ്രവൃത്തിമൂല്യം(ചെലവുപത്രിക പ്രകാരം) | 1% നിരക്കിൽ കുറവുവന്ന തുക |
|---|---|---|---|---|
| 1 | 42 | ഹമീദ് കെ | 299055/- | 2991 |
| 2 | 50 | ഹമീദ് കെ | 100000/- | 1000 |
| 3 | 51 | ഹമീദ് കെ | 147811/- | 1478 |
| 4 | 52 | ഹമീദ് കെ | 49436/- | 494 |
| 5 | 54 | ഹമീദ് കെ | 150000/- | 1500 |
| 6 | 70 | ഹമീദ് കെ | 397712/- | 3977 |
| 7 | 71 | ഹമീദ് കെ | 300000/- | 3000 |
| 8 | 72 | ഹമീദ് കെ | 298327/- | 2983 |

| | | | | |
|---|---|---|---|---|
| 9 | 75 | ഹമീദ് കെ | 300000/- | 3000 |
| 10 | 77 | ഹമീദ് കെ | 200000/- | 2000 |
| 11 | 78 | ഹമീദ് കെ | 250000/- | 2500 |
| 12 | 79 | ഹമീദ് കെ | 250000/- | 2500 |
| 13 | 83 | ഹമീദ് കെ | 200000/- | 2000 |
| 14 | 97 | ഹമീദ് കെ | 399853/- | 3999 |
| 15 | 101 | ഹമീദ് കെ | 198791 | 1988 |
| 16 | 103 | ഹമീദ് കെ | 98031/- | 980 |
| 17 | 108 | ഹമീദ് കെ | 75668/- | 757 |
| 18 | 130 | ഹമീദ് കെ | 267696/- | 2677 |
| 19 | 157 | ഹമീദ് കെ | 167334/- | 1673 |
| 20 | 159 | ഹമീദ് കെ | 248475/- | 2485 |
| 21 | 161 | ഹമീദ് കെ | 199592/- | 1996 |
| 22 | 174 | ഹമീദ് കെ | 69182 | 692 |
| ആകെ | | | | 46670/- |

അപാകതയ്ക്ക് വിശദീകരണം നല്കാനാവശ്യപ്പെട്ടെങ്കിലും മറുപടി നല്കിയിട്ടില്ല.46670/- ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിലൊടുക്കേണ്ടതാണ്.

## 3-7 ജലസേചനത്തിന് പമ്പ്സെറ്റ് വിതരണം -സബ്സിഡിയിനത്തിൽ അധികം തുക നൽകി

പ്രോജക്ട് നം-11/16

അടങ്കൽ -100000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് -57415/-( ബിൽ നം-6/30-3-16)

നിർവ്വഹണം-കൃഷി ഓഫീസർ.

പഞ്ചായത്തിലെ 30 സെന്റ് കൃഷിഭൂമിയുള്ള, ജലസേചനത്തിന് വെള്ളമുള്ള ചെറുകിട കർഷകർക്ക് സബ്സിഡിനിരക്കിൽ ജലസേചന പമ്പ്സെറ്റ് ലഭ്യമാക്കുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി 10 ഗുണഭോക്താക്കൾക്ക് പമ്പ് സെറ്റ് വാങ്ങിയതിന്റെ ബിൽ പ്രകാരം താഴെപറയും പ്രകാരം സബ്സിഡി നൽകിയിട്ടുണ്ട് . വിശദാംശം താഴെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | ബിൽ നം | തുക | സബ്സിഡിയായി നൽകിയതുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | അയിഷു ഇരുമ്പിന്റവിട | s-2312/ 4-1-16 | 12634 | 6011 | 1011 |
| 2 | മുഹമ്മദ് ഹാജി .എൻ.കെ നീർമ്മണിക്കണ്ടി | 1816/ 13-1-16 | 11134 | 5301 | 301 |
| 3 | റുഖിയ.പി.കെ പാലകന്നത്ത് | s-2392/ 20-1-16 | 12550 | 5990 | 990 |
| 4 | മറിയം നെല്ലിയത്ത്താനക്കോട്ടൂർ | 3389/ 21-1-16 | 11000 | 5238 | 238 |
| 5 | കുഞ്ഞാമി മീത്തലെനൊച്ചോൽ | 1884/ 30-1-16 | 13661 | 5555 | 555 |
| 6 | ചന്ദ്രൻ കാവുംതലക്കൽ | s-2555/ 23-2-26 | 13695 | 6250 | 1250 |
| 7 | നാണു തച്ചോത്ത്ചെക്കിയാട് | 1979/ 14-3-16 | 10947 | 5165 | 165 |
| 8 | ഹസ്സൻ കല്ലുംബിലൽ | 5243/ 14-3-16 | 12679 | 6037 | 1037 |
| 9 | മൊയ്തൂട്ടി.പി.വി തയ്യുള്ളതിൽതാഴെകനിയിൽ | 2179/ 16-3-16 | 12366 | 5888 | 888 |
| 10 | അബൂബക്കർ ചിറ്റാളിൽ | s-2642/ 21-3-16 | 12550 | 5980 | 980 |

| | | | |
|---|---|---|---|
| ആകെ | 123215 | 57415 | 7415 |

ജി.ഒ (എം.എസ്) നമ്പർ 362/2013 /ത.സ്വ.ഭ.വ തീയ്യതി 16-11-2013 പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ അനുബന്ധം -16 ഖണ്ഡിക 3.1.7 പ്രകാരം ജലസേചന പമ്പ്സെറ്റിന് ഒരുകുടുംബത്തിന് നൽകാവുന്ന പരമാവധി സബ്സിഡി 5000/-രൂപയാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥ ഗുണഭോക്താക്കൾക്ക് സബ്സിഡിയിനത്തിൽ 7415 /-രൂപ അധികം നൽകിയിട്ടുണ്ട്. കൂടാതെ ഗുണഭോക്താക്കൾക്ക് സബ്സിഡി തുക നൽകിയത് സംബന്ധിച്ച വിവരങ്ങൾ ഗുണഭോക്താക്കൾ വാങ്ങിയ പമ്പ് സെറ്റിന്റെ യഥാർത്ഥ ബിൽ എന്നിവയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. സബ്സിഡിയിനത്തിൽ അധികം ചെലവഴിച്ച 7415/-രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-8 വാഴകൃഷിവ്യാപനം പ്രോജക്ടിൽ വാങ്ങിയ വാഴകന്നുകളുടെ വിതരണം സംബന്ധിച്ച വിവരങ്ങളില്ലാത്തതും മറ്റ് അപാകതകളും.

പ്രോജക്ട് നം-18/16

അടങ്കൽ -200000 ധനകാര്യകമ്മീഷൻ ഗ്രാന്റ് ,66700 ഗുണഭോക്തൃവിഹിതം

ചെലവ് -262500. (196875 (ബിൽ നം-5/30-3-16) ,65625 ഗുണഭക്തൃവിഹിതം).

നിർവ്വഹണം -കൃഷിഓഫീസർ

വാഴകൃഷിയിൽ 180 മെട്രിക് ടൺ അധിക ഉത്പാദനം ലക്ഷ്യമിട്ട് പഞ്ചായത്തിലെ 750 വനിതകൾക്ക് 17800 വാഴകന്നുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചത്. പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ഇൻവോയ്സ് നം-02628 തീയ്യതി 15-3-16 പ്രകാരം 15 രൂപ നിരക്കിൽ 17500 വാഴകന്നുകളുടെ വിലയായി 262500/- രൂപ റെയ്ഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. മേൽ വാഴകന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. വാഴകന്നുകളുടെ വിതരണം സംബന്ധിച്ച് ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ വിവിധ വാർഡുകളിലായി വിതരണം ചെയ്ത വാഴ കന്നുകളുടെ ആകെഎണ്ണം 11227 ആണ്. റെയ്ഡ്കോയ്ക്ക് വിലനൽകിയ 17500എണ്ണം വാഴകന്നുകളിൽ 6273 എണ്ണത്തിന്റെ വിതരണ വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഫല-പുഷ്പ -വാഴ-കിഴങ്ങ് കൃഷികൾക്കുള്ള വിത്തുകൾക്കും തൈകൾക്കും ഒരാൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി 2500/-രൂപയാണ് എന്നാൽ ലീല തോട്ടോളിക്കണ്ടിയിൽ,ആയിഷ മുക്രിക്കണ്ടിയിൽ എന്നിവരിൽ നിന്നും 300 വാഴകൾക്കുള്ള ഗുണഭോക്തൃ വിഹിതമായി 3.75 രൂപ നിരക്കിൽ 1125/- വീതം ഈടാക്കുകയും വാഴകന്നുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇവർക്ക് 3375/-രൂപ (300X11.25) സബ്സിഡിയായി ലഭിച്ചിട്ടുണ്ട് അങ്ങിനെ വരുമ്പോൾ മേൽപറഞ്ഞരണ്ടുപേർക്കും 825/- രൂപ വീതം സബ്സിഡി തുകയായി അധികം നൽകിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം 750 വനിതകൾക്ക് വാഴകന്നുകൾ വിതരണം ചെയ്യുന്നതിനാണെങ്കിലും 391 പേരിൽ നിന്ന് മാത്രമാണ് ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ടുള്ളത്. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.സബ്സിഡിയിനത്തിൽ അധികം നൽകിയ 1650/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. വാഴകന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ, 6273 വാഴകന്നുകളുടെ വിതരണ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ് അല്ലാത്തപക്ഷം പ്രസ്തുത വാഴകന്നുകളുടെ വില റെയ്ഡ്കോവിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് ചെലവ് തുക 94095/-രൂപ തടസ്സത്തിൽ വയ്ക്കുന്നു .

## 3-9 സമഗ്രതെങ്ങ് കൃഷിവികസനം -ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് വളം സബ്സിഡി നൽകി

പ്രോജക്ട് നം-6/16

അടങ്കൽ - 170000/-(125000/- ധനകാര്യകമ്മീഷൻഗ്രാന്റ്,45000/-ഗുണഭോക്തൃവിഹിതം)

ചെലവ് - 123458/-(123458/-ധനകാര്യകമ്മീഷൻഗ്രാന്റ്,41152/-ഗുണഭോക്തൃവിഹിതം)

ബിൽ നം-2/24-2-16 -123458/-

ഡി.ഡി.നം-979320/24-2-16 -41152/-

പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫീസർ മത്സ്യഫെഡിൽ നിന്നും ഇൻവോയ്സ് നം- 7360/12-10-15 പ്രകാരം 13950 കിലോ മത്സ്യവളം വാങ്ങി കർഷക്ക് വിതരണം നടത്തിയിട്ടുണ്ട്. വിതരണ വിവരങ്ങൾ പരിശോധിച്ചതിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത താഴെപറയുന്ന ഗുണഭോക്താക്കൾക്ക് വളം വിതരണം നടത്തിയതായി കാണുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് | തെങ്ങുകളുടെ എണ്ണം | ഗുണഭോക്തൃവിഹിതം | സബ്സിഡിതുക | ആകെ തുക |
|---|---|---|---|---|---|
| ഖാലിദ് ചെറ്റക്കണ്ടിയിൽ | 2 | 50 | 150 | 1327.5 | 1770 |
| അമ്മദ് വലിയവീട്ടിൽ | 7 | 100 | 300 | 2650.5 | 3540 |
| അബ്ദുള്ള c/o റൈഹാനത്ത് വലിയലപ്പാട്ടിൽ | 15 | 50 | 150 | 1327.5 | 1770 |
| കുഞ്ഞാലി c/o സെറീന പുതിയന്റവിട | 15 | 20 | 177 | 531 | 708 |

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് വളം സബ്സിഡി നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽപെടാത്തവർക്ക് സബ്സിഡിയിനത്തിൽ നൽകിയ 5836.5/-രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-10 റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട്

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, IRC സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ റോഡ് ഫോർമേഷൻ മുതൽ ടാറിംഗ് വരെയുള്ള മുഴവൻ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ട് അംഗീകരിച്ച് പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ

35,36,37,3840,41,42,44,45,49,50,52,53,54,91,101,102,108,149,151,153,174എന്നീ നമ്പരുകൾ പ്രകാരമുള്ള പ്രൊജക്ടുകളുടെ കാര്യത്തിൽ സോളിംഗ് വരെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവൃത്തികൾ നിർവ്വഹിച്ച കാണുന്നു. 51,103,157എന്നിവയുടെ കാര്യത്തിൽ ഫില്ലിംഗ് വരെയുള്ള പ്രവൃത്തികൾ മാത്രമേ ചെയ്തിട്ടുള്ളൂ. മുൻ വർഷങ്ങളിലും ഇപ്രകാരം പ്രവൃത്തികൾ ചെയ്തതിനാൽ ഓഡിറ്റ് വർഷത്തിൽ ടാറിംഗ് നടത്തുമ്പോൾ റീ സോളിംഗ് ഇനത്തിൽ വലിയതുക ചെലവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റീ സോളിംഗ് ഇനത്തിൽ അധികചെലവ് വരുന്നതും, തുക ചെലവഴിച്ചിട്ടും റോഡിന്റെ യഥാർത്ഥ ഗുണം ലഭിക്കുന്നതിന് കാലതാമസം വരുന്നതും,ഇപ്രകാരം ഭാഗിക പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിലെ വീഴ്ചയാണ്. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-11 ഇ.എം .എസ് ഭവനപദ്ധതിയിൽ നിർമ്മാണം ആരംഭിച്ച വീടുകൾ നാളിതുവരെയായും പൂർത്തീകരിച്ചില്ല.

ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിന് 2010-11 വർഷം മുതൽ ധനസഹായം ലഭിച്ച താഴെ പറയുന്നവർ നാളിതുവരെയായും ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡുക്കൾ കൈപ്പറ്റിയതായി കാണുന്നില്ല.

| ഗുണഭോക്താവിൻെ പേര് | കൈപ്പറ്റിയ തുക | തീയ്യതി |
|---|---|---|
| കണാരൻ | 22500<br>30000 | 15-7-10<br>16-9-10 |
| കണാരൻ പുത്തുപറമ്പത്ത് | 22500<br>30000 | 15-7-10<br>16-9-10 |
| ജാനു കടന്നക്കണ്ടിയിൽ | 22500<br>30000 | 3-3-11<br>3-5-11 |
| കുമാരൻ ചീളിൽ | 22500<br>30000 | 28-1-10<br>30-11-10 |
| ബിജു കയ്യാലിൽ | 22500<br>30000 | 19-3-11<br>24-8-11 |
| ചാത്തു പനമ്പറ്റവീട് | 22500<br>30000 | 12-1-12<br>16-3-12 |
| കമല താനിയുള്ളപറമ്പത്ത് | 22500<br>30000 | 26-3-12<br>31-3-13 |
| ചെക്കോൻ താനിയുള്ളപറമ്പത്ത് | 22500<br>30000<br>15000 | 9-3-10<br>16-9-10<br>31-3-13 |
| ജാനു കുനിയിൽ | 22500<br>30000<br>15000 | 22-3-10<br>16-9-10<br>13-4-15 |
| ചിരുത കുറ്റിക്കെട്ടിൽ | 22500<br>30000<br>15000 | 6-4-10<br>2-8-10<br>5-10-15 |
| കുമാരൻ വടക്കേ വലിയപറമ്പത്ത് | 22500<br>30000<br>15000 | 26-3-12<br>31-1-13<br>13-4-15 |

2010-11 വർഷം മുതൽ ആരംഭിച്ച ഭവനനിർമ്മാണ പദ്ധതിയിൽ 12ഗുണഭോക്താക്കൾ നാളിതുവരെയായും ഭവനനിർമ്മാണം പൂർത്തായാക്കാത്തതിന് വിശദീകരണം നൽകേണ്ടതും മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-12 വാർദ്ധക്യകാലപെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ വൻകാലതാമസം

2015-16 വർഷം വാർദ്ധക്യകാലപെൻഷനായി ലഭിച്ച 254 അപേക്ഷകളിൽ 248 അപക്ഷകളിൽ നാളിതുവരെ യായി തീരുമാനമെടുത്തിട്ടുണ്ട്. അപേക്ഷാരജിസ്റ്റർ പരിശോധിച്ചതിൽ പല അപേക്ഷകളിലും തീരുമാനമെടു ക്കുന്നതിൽ ഒരു വർഷം മുതൽ ആറുമാസം വരെ കാലതാമസ മുണ്ടായതായും ചില അപേക്ഷകളിൽ നിലവിലും തീരുമാനമെടുക്കാത്തതായും കാണുന്നു . ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | അപേക്ഷ സമർപ്പിച്ച തീയ്യതി | അപേക്ഷ അന്വേഷണത്തിനായി നൽകിയ തീയ്യതി | അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ച തീയ്യതി | ഭരണ സമിതി തീരുമാനമെടുത്ത തീയ്യതി |
|---|---|---|---|---|
| മുഹമ്മദ് കുന്നമ്മൽ | 7-8-15 | 20-8-15 | 27-18-16 | 31-8-16 |
| പോക്കർ | 3-9-15 | 4-9-15 | 27-8-16 | തീരുമാനമെടുത്തിട്ടില്ല |
| കുഞ്ഞബ്ദുള്ള | 3-9-15 | 4-9-15 | 27-8-26 | 31-8-16 |

| | | | | |
|---|---|---|---|---|
| മമ്മു കൈതോറയിൽ | 15-9-15 | 29-9-15 | 30-8-16 | തീരുമാനമെടുത്തിട്ടില്ല |
| ആലി കല്ലമ്മൽ | 1-10-15 | 18-11-15 | 27-8-16 | 22-10-16 |
| മുഹമ്മദ്ഹാജി നീർമ്മണിക്കണ്ടിയിൽ | 3-10-15 | 18-11-15 | 30-8-16 | 31-8-16 |
| മാലതി പുതായടത്ത് കന്നമ്മൽ | 12-11-15 | 18-11-15 | 30-8-16 | 22-10-16 |
| ചാത്തു പുതിയേടത്ത്കന്നമ്മൽ | 12-11-15 | 8-11-15 | 30-8-16 | 22-10-16 |
| അന്ത്രു തളിയന്റവിട | 1-12-15 | 2-12-15 | 30-8-16 | 31-8-16 |
| പോക്കർ പുത്തൻപുരയിൽ | 3-12-15 | 8-12-15 | 27-8-16 | 31-8-16 |
| അഹമ്മദ് തൈക്കണ്ടിയിൽ | 23-12-15 | 17-12-5 | 27-8-16 | തീരുമാനമെടുത്തിട്ടില്ല |
| മൂസ്സ .വി.ടി | 31-12-15 | 17-2-16 | 30-8-16 | 31-8-16 |
| യൂസഫ് കനിയിൽ | 1-1-16 | 17-2-16 | 30-8-16 | 31-8-16 |
| അഹമ്മദ്.സി.കെ | 5-1-16 | 17-2-16 | 27-8-16 | 31-8-16 |

മേൽ വിശദാംശങ്ങൾ പരിശോധിച്ചതിൽ ലഭിച്ച അപേക്ഷകളിൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭിക്കാൻ വൈകുന്നതിനാലാണ് അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസമെന്നു കാണുന്നു. അന്വേഷണത്തിനു ലഭിച്ച അപേക്ഷകളിൽ റിപ്പോർട്ട് നൽകുന്നതിൽ ഒരുവർഷം മുതൽ ആറ്മാസം വരെ കാലതാമസം വന്നിട്ടുണ്ട്. സാമൂഹ്യസുരക്ഷാപെൻഷനുകളിൽ അപേക്ഷലഭിച്ച് 45 ദിവസത്തിനകം തീരുമാനമെടുക്കണമെന്നിരിക്കെ മേൽ വീഴ്ചക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-13 അംഗൻവാടി വൈദ്യുതീകരണം - ഇലക്ട്രിസിറ്റി ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ മിനിട്സ് പരിശോധിച്ചതിൽ, 29.1.16 തീയതിയിലെ 6/16(3) നമ്പർ തീരുമാനത്തിൽ ഗ്രാമപഞ്ചായത്തിലെ 4,6,14 എന്നീ നമ്പർ അംഗൻവാടികളുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിലും നാളിതുവരെ കറന്റ് കണക്ഷൻ ലഭിച്ചിട്ടില്ലെന്നും ആയത് അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും പ്രതിപാദിച്ചു കാണുന്നു.ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുള്ള പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ കറന്റ് കണക്ഷൻ ലഭിക്കുന്നതുൾപ്പടെയുള്ള ഇനങ്ങൾക്ക് തുക വകയിരുത്താത്തതാണ് സമയബന്ധിതമായി കണക്ഷൻ ലഭിക്കുന്നതിന് തടസ്സമായതെന്ന് കാണാവുന്നതാണ്. c f l ലാമ്പുകൾ, ഫാനുകൾ, ട്യൂബ് ലൈറ്റുകൾ ഉൾപ്പടെ ഗ്യാരണ്ടി ലഭ്യമാകുന്ന ഇനങ്ങൾ ഇൻസ്റ്റാൾ ചെയ്യിട്ടുണ്ടാകുമെന്നതിനാൽ ദീർഘകാലമായി സ്ഥാപിക്കപ്പെട്ട ഈ ഉപകരണങ്ങൾ പ്രവർത്തനരഹിതമാകാനും ഗ്യാരണ്ടി കാലാവധി കഴിഞ്ഞു പോകാനും ഇടയാക്കുന്ന തരത്തിലുള്ള വീഴ്ചയാണ് സ്ഥാപനത്തിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ളത് . കൂടാതെ, തുക ചെലവഴിച്ച പ്രവർത്തിയുടെ ഗുണഫലം സമയബന്ധിതമായി ലഭ്യമാകുന്നതിനും വീഴ്ച തടസ്സമായി. ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതുവരെയുള്ള മുഴുവൻ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്ര പദ്ധതി രൂപീകരിക്കണമെന്ന പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ,മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കറന്റ് ലഭ്യമാക്കിയിട്ടുണ്ടോയെന്നും നിലവിലെ അവസ്ഥ എന്തെന്നും ഓഡിറ്റിന് വ്യക്തമാക്കേണ്ടതാണ്.

## 3-14 സാധനങ്ങൾ വാങ്ങിയത്- പ്രൊക്യുർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണഉദ്യോഗസ്ഥർ ഓഡിറ്റ് വർഷത്തിൽ വിവധ പ്രൊജക്ടുകളുടെ ഭാഗമായി സാധനങ്ങൾ വാങ്ങിയത് 8.11.2010 ലെ പി.259/2010 ത.സ്വ.ഭ.വ നമ്പർ പ്രകാരം പുറപ്പെടുവിച്ച പ്രൊക്യുർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പൂർണ്ണമായുംപാലിച്ചില്ല. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ഓരോ നിർവ്വഹണഉദ്യോഗസ്ഥനും നിർവ്വഹിക്കാൻ പോകുന്ന പ്രൊജക്ടുകൾക്കാവശ്യമായ സാധനങ്ങളും സേവനങ്ങളും എന്തൊക്കെയാണെന്നുള്ളതിന്റെ ലിസ്റ്റ് പ്രൊക്യുർമെന്റ് കമ്മിറ്റിയെ ഏല്പിക്കണമെന്നും ,കമ്മിറ്റി എല്ലാ നിർവ്വഹണഉദ്യോഗസ്ഥർക്കും ആവശ്യമായ സാധനങ്ങളും സേവനങ്ങളും മൊത്തത്തിൽ കണ്ടെത്തി ഒരേ ഇനം സാധനങ്ങൾ ഒരുമിച്ച് വാങ്ങുന്നതിനുള്ള നടപടി ക്രമം തെരെഞ്ഞെടുക്കുകയും ഇപ്രകാരം വാങ്ങുന്നതിന് പ്രൊക്യുർമെന്റ് ടീമിനെ ചുമതലപ്പെടുത്തണമെന്നും മേൽ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു.പ്രൊക്യുർമെന്റ് ടീം ടെണ്ടർ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ പാലിച്ച് സാധന/സേവന ദാതാക്കളെ തെരെഞ്ഞെടുക്കുകയും,ഇവരുമായി കരാറിലേർപ്പെടുകയും ചെയ്ത് ഇവരിൽ നിന്നും സാധനങ്ങൾ/സേവനങ്ങൾ വാങ്ങാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്യുന്നു. ഇതനുസരിച്ച് സാധനങ്ങൾ/സേവനങ്ങൾ വാങ്ങുന്ന ഉദ്യോഗസ്ഥർ അവ കൈപ്പറ്റി തുകനല്കുന്നു.എന്നാൽ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് അതാത് നിർവ്വഹണഉദ്യോഗസ്ഥർ പ്രത്യേകം ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് സാധനങ്ങൾ വാങ്ങുന്ന മുൻകാല രീതി തന്നെ അവലംബിക്കുകയാണ് ഓഡിറ്റ് വർഷത്തിൽ ചെയ്തിട്ടുള്ളത്. (പ്രൊജക്ടുകൾക്കുള്ള ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു) ഇതുമൂലം ഒരേ ഇനം സാമഗ്രികൾ വാങ്ങുന്നതിന് ഓരോഉദ്യോഗസ്ഥനും വ്യത്യസ്ത നടപടിക്രമങ്ങൾ സ്വീകരിക്കുകയും മാന്വൽ വിഭാവനം ചെയ്ത വാങ്ങലുകളിൽ പരമാവധി നേട്ടമുണ്ടാക്കുകയെന്ന ലക്ഷ്യപ്രാപതി കൈവരിക്കാൻ കഴിയാതെ വരികയും ചെയ്തു.

| ക്രമനം | നിർവ്വഹണഉദ്യോഗസ്ഥൻ | പ്രൊജക്ട് | വാങ്ങിയ സാധനം | സ്ഥാപനം |
|---|---|---|---|---|
| 1 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 20/16-അംഗൻവാടികൾക്ക് പ്രഷർകുക്കർ | പ്രഷർകുക്കർ-20 | ക്വട്ടേഷൻ ക്ഷണിച്ച് സ്വകാര്യസ്ഥാപനത്തിൽ നിന്നും |
| 2 | സെക്രട്ടറി | 182/16-ഗ്രാമകേന്ദ്രം ഫർണ്ണിച്ചർ വാങ്ങൽ | ഫർണ്ണിച്ചർ | സിഡ്കോ |
| 3 | കൃഷി ഓഫീസർ | 18/16- വാഴകൃഷി വ്യാപനം | വാഴക്കന്ന്-17500 | റെയ്ഡ്കോ |

പ്രൊക്യുർമെന്റ് മാന്വലിന് വിരുദ്ധമായി സാധനങ്ങൾ വാങ്ങിയത് വിശദീകരിക്കപ്പെടേണ്ടതാണ്.

## 3-15 ദേശീയ രോഗപ്രതിരോധ പ്രവർത്തനങ്ങൾ-മെയിന്റനൻസ് ഗ്രാന്റ് വാഹനവാടകയ്ക്ക് ഉപയോഗപ്പെടുത്തി

നിർവ്വഹണം: മെഡിക്കൽ ഓഫീസർ(PHC)

പ്രൊജക്ട്: 5/16

വകയിരുത്തിയതുക: 25000/-

ചെലവ്: 25000/-ബിൽ നം.11/9.3.16-15000/-

15/21.3.16-10000/-

ദേശീയ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി വാഹനം ഉപയോഗിച്ചതിന്റെ വാടക നൽകുന്നതിനായി മേൽ പ്രൊജക്ട് അംഗീകാരം വാങ്ങി തുക ചെലവഴിച്ചിട്ടുണ്ട്.എം.എസ്.330/2010 തീ.10.12.10 പ്രകാരമുള്ള മെയിന്റനൻസ് ഗ്രാന്റ് വിനിയോഗമാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് തുക വിനിയോഗിച്ചിരിക്കുന്നത്. മാർഗ്ഗരേഖ പ്രകാരം ഇത്തരം ചെലവുകൾക്ക് ഗ്രാന്റ് വിനിയോഗിക്കാൻ കഴിയില്ല. മുൻ വർഷത്തിലും ഇപ്രകാരം തുക ചെലവഴിച്ചത് ഖണ്ഡിക 3.9 ൽ (14-15 റിപ്പോർട്ട്)പരാമർശിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം നല്കാനാവശ്യപ്പെട്ടെങ്കിലും മറുപടി നല്കിയിട്ടില്ല. അപാകതയുടെ അടിസ്ഥാനത്തിൽ 25000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-16 ഔദ്യോഗിക യാത്രകൾ നടത്തിയ ജീവനക്കാർ യാത്രാഡയറി സമർപ്പിക്കാതെ യാത്രാപ്പടി കൈപ്പറ്റി.

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി,മറ്റ് ജീവനക്കാർ എന്നിവർ ഔദ്യോഗികാവശ്യത്തിനായി 6/14 മുതൽ 4/15 വരെയുള്ള യാത്രകൾക്കായി പഞ്ചായത്ത് ഭരണ സമിതിയുടെ 22/15(3) നമ്പർ തീരുമാനപ്രകാരം ബിൽ തയ്യാറാക്കി യാത്രാപ്പടി ഇനത്തിൽ 67932/- രൂപ (വൗച്ചർ നം-21500344/24-8-15 തുക- 6291, 21500345/24-8-15 തുക-9706, 21500346/24-8-15 തുക-51935) ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയതുക |
|---|---|---|---|
| 1 | ആർ.എം .ലക്ഷമൺ | സെക്രട്ടറി | 6291 |
| 2 | കുമാരൻ | സെക്രട്ടറി | 9706 |
| 3 | ബി.എസ്.മനോജ് | അസി.സെക്രട്ടറി | 14886 |
| 4 | പി.പി.രാജൻ | അസി.സെക്രട്ടറി | 10730 |
| 5 | എ.രമേശൻ | അക്കൗണ്ടന്റ് | 11550 |
| 6 | ബിജിത്ത് | സീനി.ക്ളാർക്ക് | 6274 |
| 7 | ജയേഷ് .എൻ.വി | സീനി.ക്ളാർക്ക് | 3120 |
| 8 | മിനീശൻ | ക്ളാർക്ക് | 600 |
| 9 | അശോകൻ | ക്ളാർക്ക് | 825 |
| 10 | ബാബു.എൻ.കെ | ക്ളാർക്ക് | 800 |
| 11 | ഷാജി.കെ | സീനി.കാളാർക്ക് | 1650 |
| 12 | ഹരിദാസ്.സി.കെ | ക്ളാർക്ക് | 450 |
| 13 | ഷാജികുമാർ.പി.പി | ക്ളാർക്ക് | 900 |
| 14 | ഹരിദാസൻ .എം | ഓഫീസ് അറ്റന്റ് | 150 |
| ആകെ | | | 67932 |

എന്നാൽ മേൽയാത്രകൾ സംബന്ധിച്ച് ജീവനക്കാർ ആരും തന്നെ യാത്രാ ഡയറി സമർപ്പിച്ചിട്ടില്ല .യാത്രാഡയറി സമർപ്പിച്ചാൽ മാത്രമേ ജീവനക്കാർ നടത്തിയ യാത്രക്കുള്ള ക്ളെയിംഉന്നയിക്കപ്പെടുന്നുള്ളൂ. ജീവനക്കാർ യാത്രാഡയറിയിൽ ഇന്ന യാത്രാ രീതി(Mode of conveyance) ഉപയോഗിച്ചാണ് യാത്രചെയ്തിരിക്കുന്നത് എന്ന് സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തി ൽ വരുന്ന ചെലവ് കണക്കാക്കിയാണ് യാത്രാ ബില്ലുകൾ തയ്യാറാക്കേണ്ട തെന്നിരിക്കെ യാത്രാഡയറിയില്ലാതെ യാത്രാപ്പടി കണക്കാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-17 മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം

നിർവ്വഹണം: മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

പ്രൊജക്ട്; 187/16-ഹോമിയോ മരുന്ന് വാങ്ങൽ

അടങ്കൽ:50000/-

ചെലവ് :50000/- ബിൽ നം.14/15.3.16

ഹോമിയോ മരുന്ന് വാങ്ങുന്നതിനായി മേൽ പ്രൊജക്ട പ്രകാരം 50000/- രൂപ മാനേജിംഗ് ഡയരക്ടർ,കേരള ഹോമിയോപ്പതി കോ-ഓപ് സൊസൈറ്റിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് അടിയന്തിരമായി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. 50000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 അസി.എഞ്ചിനീയർ രേഖകൾ ഒപ്പുവച്ചില്ല

വിവിധ പ്രൊജക്ടുകൾക്ക് തുക വിനിയോഗിക്കുമ്പോൾ, ആയത് സാധൂകരിക്കുന്നതിന് സൂക്ഷിക്കേണ്ട രേഖകൾ സാക്ഷ്യപ്പെടുത്തുന്നതിൽ അസി.എഞ്ചിനീയർ വീഴ്ച വരുത്തിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടേതുൾപ്പടെ, പ്രൊജക്ടുകളുടെ തുക പിൻവലിക്കുമ്പോൾ ട്രഷറിയിൽ സമർപ്പിച്ച ബില്ലുകളുടെ ഓഫീസ് പകർപ്പും,അളവുപുസ്തകത്തിൽ മെമ്മോ ഓഫ് പേമെന്റ് രേഖപ്പെടുത്തിയതും സാക്ഷ്യപ്പെടുത്താതെയാണ് സൂക്ഷിച്ചതും പരിശോധനയ്ക്ക് ഹാജരാക്കിയതും. സാക്ഷ്യപ്പെടുത്തലിന്റെ അഭാവത്തിൽ തുക ചെലവഴിച്ചതിന്റെ ആധികാരികത ഉറപ്പുവരുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം

നല്കേണ്ടതാണ്. കൂടാതെ രേഖകൾ അടിയന്തിരമായി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് നല്കേണ്ടതുമാണ്.

## 3-19 പഞ്ചായത്ത് വാഹനത്തിൽ ഇന്ധനം നിറക്കുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

ജി.ഒ(എം.എസ്)170/07 ത.സ്വ.ഭ.വ തീയ്യതി 30-6-2007 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങൾ പരിപാലിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം വാഹനത്തിൽ ഇന്ധനം നിറക്കുമ്പോൾ കസ്റ്റോഡിയൻ-ആപ്പീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആപ്പീസറുടെയോ സാന്നിദ്ധ്യത്തിൽ വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണ്ണമായും (ഫുൾകപ്പാസിറ്റി) ഇന്ധനം നിറക്കേണ്ടതാണ് . എന്നാൽ മേൽ നിർദ്ദേശത്തിന് വിരുദ്ധമായാണ് ഓഡിറ്റ് വർഷം പഞ്ചായത്ത് വാഹനമായ KL18 E-3532 ബൊലീറോ ജീപ്പിന് ഇന്ധനം നിറച്ചിരിക്കുന്നത്. വാഹനത്തിന്റെ ദിവസവേതനക്കാരനായ ഡ്രൈവർ പല ഡീസൽ പമ്പുകളിൽ നിന്നും വാഹനത്തിന് ഇന്ധനം നിറച്ച ബില്ലുകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ഡ്രൈവർക്ക് തുക അനുവദിച്ചതായി കാണുന്നു.ഇതിൽ പല ബില്ലുകളും 2000,1000,500 രൂപയുടെതാണ്. ലോഗ് ബുക്ക് പരിശോധിച്ചതിൽ പലപ്പോഴും ഇന്ധനത്തിന്റെ അളവ് രേഖപ്പെടുത്തു ന്നതിനുപകരം തുക രേഖപ്പെടുത്തിയതായും കാണുന്നു. കൂടാതെ താഴെ പറയുംപ്രകാരം ഇന്ധനത്തിന് തുക നൽകിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച് ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകളില്ല.

| വൗച്ചർ നം/തീയ്യതി തുക | ഇന്ധനം നിറച്ച സ്ഥലം | ബിൽനം /തീയ്യതി | തുക |
|---|---|---|---|
| 21500486/11-11-15 | പ്രഭാത് ട്രേഡിങ്ങ് കമ്പനി,പള്ളൂർ | 892/1-11-15 | 2000 |
| തുക-3000/- | ജെനറൽ പെട്രോളിയം, ഓർക്കാട്ടേരി. | 23557/4-11-15 | 1000 |
| 21500523/26-11-15 തുക-2000/- | സിറ്റിപെട്രോളിയം, കല്ലാച്ചി. | 7178/12-11-15 | 500 |
| | സിറ്റിപേൾപെട്രോളിയം,പാറക്കടവ്. | ബിൽനം-ഇല്ല തീയ്യതി-21-11-15 | 500 |
| | സിറ്റിപേൾപെട്രോളിയം,പാറക്കടവ്. | ബിൽനം-ഇല്ല തീയ്യതി-23-11-15 | 1000 |

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.വാഹനത്തിന്റെ ശരിയായ ഉപയോഗം ,സംരക്ഷണം , ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയാണ്.ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ പെട്രോൾ, ഡീസൽ, ഗ്യാസ്, ഓയിൽ മുതലായവയുള്ള ഓർഡർബുക്ക്, ഡി.സി.ബി രജിസ്റ്റർ(വാടക ഈടാക്കുന്ന കേസുകളിൽ), റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ,ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. ആറുമാസത്തിലൊരിക്കൽ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെ ക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

.

## 3-20 മീഡിയാശ്രീ പദ്ധതിക്ക് തുക നല്കിയത്-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

നിർവ്വഹണം : സെക്രട്ടറി

പ്രൊജക്ട് ; 169/16 മീഡിയാശ്രീ പദ്ധതി

അടങ്കൽ: 65000/- പ്ലാൻ ഫണ്ട്

ചെലവ്: 65000/-വൌ നം 21500352/31.8.15

മീഡിയാശ്രീ പദ്ധതിയ്ക്കായി ഓഡിറ്റ് വർഷത്തിൽ മേൽ പ്രൊജക്ട് പ്രകാരം 65000/- രൂപ പിൻവലിച്ച് കുടുംബശ്രീ എക്സി.ഡയറക്ടർക്ക് നല്കിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന് രശീതി നല്കുകയോ, നാളിതുവരെ നിർവ്വഹണം പൂർത്തീകരിച്ച് സി.ഡി നല്കുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. 65000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-21 ജംഗമ ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല

ഓഡിറ്റ് വർഷത്തിൽ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി വാങ്ങിയ ഫർണ്ണിച്ചറുകളും ഉപകരണങ്ങളും ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല. പ്രൊജക്ട് നം .20,39,117,182 എന്നിവയുടെ ഭാഗമായി വാങ്ങിയ ഉപകരണങ്ങൾ ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും, അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതുമാണ്.

## 3-22 റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട്

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ,IRC സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ റോഡ് ഫോർമേഷൻ മുതൽ ടാറിംഗ് വരെയുള്ള മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ട് അംഗീകരിച്ച് പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ 35,36,37,38,40,41,42,44,45,49,50,51,52,53,54,91108,149,151,153 എന്നീ നമ്പറുകൾ പ്രകാരമുള്ള പ്രൊജക്ടുകളുടെ കാര്യത്തിൽ സോളിംഗ് വരെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവൃത്തികൾ നിർവ്വഹിച്ച കാണുന്നു. മുൻ വർഷങ്ങളിലും ഇപ്രകാരം പ്രവൃത്തികൾ ചെയ്തതിനാൽ ഓഡിറ്റ് വർഷത്തിൽ ടാറിംഗ് നടത്തുമ്പോൾ റീ സോളിംഗ് ഇനത്തിൽ വലിയതുക ചെലവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റീ സോളിംഗ് ഇനത്തിൽ അധികചെലവ് വരുന്നതും, തുക ചെലവഴിച്ചിട്ടും റോഡിന്റെ യഥാർത്ഥ ഗുണം ലഭിക്കുന്നതിന് കാലതാമസം വരുന്നതും, ഇപ്രകാരം ഭാഗിക പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിലെ വീഴ്ചയാണ്. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 3,00,000/- | കണ്ടങ്കര അംഗൻവാടി കെട്ടിട നിർമ്മാണം | - | 3,00,000/- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8166/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1998-99 | 4-1 | 100/- | വി.ഇ ഓ | 11501100719, 24.06.2015 |
| 2007-08 | 3-20 | 3900/- | ശ്രീ അബ്ദുള്ള വയലാളി , മെമ്പർ | 11501101489, 03.10.2015 |
| 2008-09 | 2-3 | 432/- | ശ്രീ സികെ മുരളീധരൻ, സെക്രട്ടറി | 11501101414, 28.09.2015 |
| 2009-10 | 2-4 | 3734 | ശ്രീ സി കെ മുരളീധരൻ, സെക്രട്ടറി | 115011001414, 28.09.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
| 1999-00 | രേഖപ്പെടുത്തിയിട്ടില്ല | 2001-02 | 11 | ഉമ്മത്തൂർ ജലസേചന പദ്ധതി | അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ട് 2006-08(11) ഖണ്ഡിക 130,131 പ്രകാരം സമയബന്ധിതമായി തീർപ്പാക്കുന്നതിനും ഇപ്പോഴത്തെ അവസ്ഥ അറിയിക്കുന്നതിനും ആവശ്യപ്പെട്ടു. |
| 2000-01 | രേഖപ്പെടുത്തിയിട്ടില്ല | 2004-05 | പൊതുപരാമർശം 3-48 | നികുതി പിരിവിൽ അലംഭാവം | ലഭ്യമല്ല |
| 2001-02 | | 2003-04 | പൊതുപരാമർശം | മരാമത്ത് പ്രവൃത്തിക്ക് മുൻകൂർ നൽകി | ലഭ്യമല്ല |
| രേഖപ്പെടുത്തിയിട്ടില്ല | 1-5 | 2004-05 | പൊതുപരാമർശം 2-9 | ബജറ്റ് അംഗീകരിച്ചില്ല | ലഭ്യമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 28312548 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40347840 |
| വരവിനങ്ങളിലുള്ള നഷ്ടം | 537 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 277052 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 234095 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 189 | | ശ്രീ ആർ എം ലക്ഷ്മണൻ, സെക്രട്ടറി |
| 2-4 | 200 | | ശ്രീ ആർ എം ലക്ഷ്മണൻ, സെക്രട്ടറി |
| 2-6 | 148 | | ശ്രീ മോഹൻദാസ് കെ 54/-<br>ശ്രീമതി നയന കെ , 94/-<br>കൃഷി ഓഫീസർ |
| 3-4 | | 263800 | അസി എഞ്ചിനീയർ<br>ശ്രീമതി ഒസീല ബീവി. ഇ |
| 3-7 | | 7415 | ശ്രീമതി നയന കെ ,<br>കൃഷി ഓഫീസർ |
| 3-8 | | 1650 | ശ്രീമതി നയന കെ ,<br>കൃഷി ഓഫീസർ |
| 3-9 | | 5837 | ശ്രീമതി നയന കെ ,<br>കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 94095 | ശ്രീമതി നയന കെ ,<br>കൃഷി ഓഫീസർ |
| 3-15 | 25000 | ഡോ.ടി പി ലിസാജ്, മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| 3-17 | 50000 | ഡോ.ടി പി ലിസാജ്, മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| 3-20 | 65000 | ശ്രീ ആർ എം ലക്ഷ്മണൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | കേന്ദ്ര/ സംസ്ഥാനം | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-6 | 46670 | സംസ്ഥാന ഫണ്ട് | അസി എഞ്ചിനീയർ<br>ശ്രീമതി ഒസീല ബീവി. ഇ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ആർ എം ലക്ഷ്മണൻ, സെക്രട്ടറി | സെക്രട്ടറി , ചെക്യാട് ഗ്രാമപഞ്ചായത്ത് | രയരോത്ത് മീത്തൽ വീട്<br>ചൊക്ലി.പി.ഒ<br>പിൻ- 670672 |
| ശ്രീ മോഹൻദാസ് കെ<br>കൃഷി ഓഫീസർ | മേൽവിലാസം ആദ്യ മറുപടിയിലുൾപ്പെടുത്തേണ്ടതാണ്. | |

| | | |
|---|---|---|
| | | |
| ശ്രീമതി നയന കെ ,<br>കൃഷി ഓഫീസർ | | |
| ശ്രീമതി ഒസീല ബീവി ഇ,<br>അസി എഞ്ചിനീയർ | | |
| ഡോ.ടി പി ലിസാജ്, മെഡിക്കൽ ഓഫീസർ (പി എച്ച് സി) | മെഡിക്കൽ ഓഫീസർ, പി എച്ച് സി , ചെക്യാട് | ളുവനപ്പറമ്പത്ത് വീട്, ഇയ്യങ്കോട്.പി.ഒ, നാദാപുരം. |

## **4-9** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.എസ്.2/1135/99 തി.08.11.99 | 6 | |
| 1998-99 | എൽ.എഫ്.എസ്.2/377/01 തി.08.11.99 | 11 | |
| 1999-00 | എൽ.എഫ്.എസ്. 2/1606/01തി.07.06.02 | 3 | |
| 2000-01 | എൽ.എഫ്.എസ്. 1/1102/03തി.04.12.03 | 19 | |
| 2000-01 | എൽ.എഫ് .പി.2/4047/05. തി.07.09.04 | | |
| 2001-02 | എൽ.എഫ് .പി.2/117/05തി.06-08-15 | 6 | |
| 2002-03 | എൽ.എഫ.എസ്.1/1017/06തി.04.11.06 | 5 | |
| 2003-04 | എൽ.എഫ്.കെ.കെ.ഡി. എസ്.1/708/07തി.05.10.07 | 15 | |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി5/1336/09തി.05.10.09 | 3 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി5/1338/09തി.05.10.09 | 5 | |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി5/1339/09തി.05.10.09 | 2 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.എസ്.1/141/10തി.09.05.10 | 17 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി11/1230/12തി.24.08.12 | 24 | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി11/1407/12തി.24.08.12 | 38 | |
| 2010-11<br>2011-12 | എൽ.എഫ്.കെ.കെ.ഡി.പി11/77/13/18.07.13 | 18 | |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി11/1447/12തി.7-01-2016 | 9 | |
| 2013-14<br>2014-15 | എൽ.എഫ്.കെ.കെ.ഡി.പി11/1276/16തി. 20-07-2016 | 18 | |

ഡെപ്യൂട്ടി ഡയറക്ടർ

**1**

ഓഡീറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.കെ.കെ.ഡി പി-11/2137/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

E-mail: dokkd.ksad@kerala.gov.in

കോഴിക്കോട് ജില്ല

ഫോൺ: 0495-2371012

തീയതി 17.12.2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA KKD/P11/2137/16.

Kerala State Audit Department

District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in

Date:17-12-2016

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Chekkiyad Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chekkiyad Grama Panchayat for the year 2015-16 except the observations in My audit report properly presents the picture of income and expenditure .

DEPUTY DIRECTOR